(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ആദിവാസികൾക്കായി എത്ര വീടുകൾ നൽകാൻ നടപടി സ്വീകരിച്ചിട്ടുണ്ട് ;

(ഡി) എത്ര ആദിവാസി കുടുംബങ്ങൾക്ക് വൈദ്യുതി കണക്ഷൻ നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ;

(ഇ) ആദിവാസി കോളനികളിൽ കുടിവെള്ളമെത്തിക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) പട്ടികവർഗ്ഗക്കാരുടെ പ്രാഥമിക ജീവിത സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന് ഭവനരഹിതരായ എല്ലാ കുടുംബങ്ങൾക്കും വീടുകൾ നൽകുന്നതിനും വീട് നിർമ്മിക്കാൻ സ്വന്തമായി സ്ഥലം ഇല്ലാത്തവർക്ക് സ്ഥലം നൽകുന്നതിനും നടപടി സ്വീകരിച്ചു. 9-ാം പദ്ധതിയോട് കൂടി ഭവനരഹിതരായ എല്ലാ കുടുംബങ്ങൾക്കും ഭവനം നൽകുന്നതിന് സമ്പൂർണ്ണ ഭവനനിർമ്മാണ പദ്ധതി നടപ്പാക്കി വരുന്നു. കോളനികളിലെ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിലേയ്ക്ക് കുടിവെള്ളം, റോഡ്, വൈദ്യുതി ഇവ എത്തിക്കുന്നതിനും നടപടി സ്വീകരിച്ചു വരുന്നു. ജനകീയാസൂത്രണ പദ്ധതിയനുസരിച്ച് ത്രിതല പഞ്ചായത്തുകൾ മുഖേന അതാത് പ്രദേശങ്ങളിലെ ആവശ്യങ്ങൾ മനസ്സിലാക്കി ആവശ്യമായ പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പാക്കുകയും ചെയ്തിട്ടുണ്ട്.

(ബി) സംസ്ഥാനത്ത് 3,945 ആദിവാസി കോളനികളുണ്ട്. ഇവയുടെ ലിസ്റ്റ് തയ്യാറാക്കി നൽകുന്നതാണ്.

(സി) 7,069 വീടുകൾ നിർമ്മിച്ച് നൽകിയിട്ടുണ്ട്.

(ഡി) വിവരം ശേഖരിച്ചു നൽകുന്നതാണ്.

(ഇ) പട്ടികവർഗ്ഗ വികസനവകുപ്പ് കുടിവെള്ള സൗകര്യം ലഭ്യമല്ലാത്ത കോളനികളിൽ കിണർ കുഴിച്ചു നൽകുന്ന പദ്ധതി നടപ്പാക്കി വരുന്നു. ത്രിതല പഞ്ചായത്ത് മുഖേനയും ശുദ്ധജലവിതരണത്തിനുള്ള പദ്ധതികൾ നടപ്പാക്കി വരുന്നു. കൂടാതെ കേരള വാട്ടർ അതോറിറ്റിയും ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ടുമെന്റും കോളനികളിൽ ശുദ്ധജലവിതരണം നടത്തുന്നതിന് ട്രൈബൽ സബ്പ്ലാൻ പൂൾസ് ഫണ്ട് വിനിയോഗിച്ച് പദ്ധതി നടപ്പാക്കിവരുന്നു.

ഗിരിവർഗ്ഗക്കാരുടെ സാമ്പത്തിക ഉന്നമനത്തിനായി പരിപാടി

4 (827) ശ്രീ. കെ. പി. വിശ്വനാഥൻ :
ശ്രീ. എഴുകോൺ നാരായണൻ :
ശ്രീമതി റോസമ്മ ചാക്കോ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടികജാതിമുദായക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഗിരിവർഗ്ഗക്കാരുടെ സാമ്പത്തിക ഉന്നമനത്തിനായി ഗവൺമെന്റിന് എന്തെല്ലാം പരിപാടികളുണ്ട് ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഈ ഗവൺമെന്റ് നിലവിൽ വന്നശേഷം ഈ പരിപാടി നടപ്പാക്കുന്നതിന് എന്തു തുക ഇതുവരെ ചെലവാക്കിയിട്ടുണ്ട് ;

(സി) ഈ പരിപാടികൾ നടപ്പാക്കിയതിന്റെ ഫലമായി എത്ര ഗിരിവർഗ്ഗ കുടുംബങ്ങൾ ദാരിദ്ര്യരേഖയ്ക്ക് മുകളിൽ എത്തിയിട്ടുണ്ട് ;

(ഡി) പ്രസ്തുത കുടുംബങ്ങൾ എവിടെയെല്ലാം സ്ഥിതി ചെയ്യുന്നു എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) പട്ടികവർഗ്ഗക്കാരുടെ സാമ്പത്തിക ഉന്നമനത്തിനായി ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം പ്രത്യേക കേന്ദ്ര സഹായനിധി ഉപയോഗിച്ചും ട്രൈബൽ സബ് പ്ലാൻ ഫണ്ട് ഉപയോഗിച്ചും വിവിധ പരിപാടികളും ഗ്രാമവികസന വകുപ്പുവഴി 1996-97 മുതൽ 1998-99 വരെ "സംയോജിത ഗ്രാമ വികസന പദ്ധതി" യും 1999-2000-ൽ "സ്വർണ്ണ ജയന്തി ഗ്രാമ സ്വ റോസ്ഗാർ യോജന" എന്ന പദ്ധതിയും നടപ്പിലാക്കിയിട്ടുണ്ട്. ത്രിതല പഞ്ചായത്തുകൾ മുഖേനയും വിവിധ സാമ്പത്തിക ഉന്നമനപരിപാടികളും നടപ്പാക്കിയിട്ടുണ്ട്.

(ബി) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം പട്ടികവർഗ്ഗക്കാരുടെ സാമ്പത്തിക ഉന്നമനപരിപാടികൾക്കായി താഴെ പറയുന്ന പ്രകാരം തുക ചെലവഴിച്ചു.

വർഷം	പ്രത്യേക കേന്ദ്രനിധി (ലക്ഷംരൂപ)	ഗ്രാമവികസന വകുപ്പിന്റെ പരിപാടി (ലക്ഷം രൂപ)
1996 - 97	164.69	70.54
1997 - 98	231.77	62.66
1998 - 99	208.14	51.75
1999 - 2000	208.00	6.41

(സി) ഈ പരിപാടികൾ നടപ്പാക്കിയതിന്റെ ഫലമായി 31-3-2000 വരെ പട്ടികവർഗ്ഗ വികസന വകുപ്പു നേരിട്ടു നടപ്പാക്കുന്ന പരിപാടിയിലൂടെ 9,210 കുടുംബങ്ങളെയും ഗ്രാമവികസന വകുപ്പിന്റെ പരിപാടിയിലൂടെ 1,629 പട്ടികവർഗ്ഗ കുടുംബങ്ങളെയും ദാരിദ്രരേഖയ്ക്ക് മുകളിലേയ്ക്കുയർത്താനായി സാധിച്ചിട്ടുണ്ട്.

(ഡി) പട്ടികവർഗ്ഗക്കാരിൽ 75 ശതമാനവും നെടുമങ്ങാട്, കാഞ്ഞിരപ്പള്ളി, ഇടുക്കി, അട്ടപ്പാടി, നിലമ്പൂർ, വയനാട്, കണ്ണൂർ എന്നീ 7 സംയോജിത പട്ടികവർഗ്ഗ വികസന പ്രോജക്ട് ഏരിയാകളിലും ബാക്കിയുള്ളവർ സംസ്ഥാനത്തിന്റെ വിവിധ ജില്ലകളിൽ, വിവിധ പ്രദേശങ്ങളിലായി ചിന്നിച്ചിതറിയും കഴിയുന്നവരാകുന്നു.

LIBRARY ARCHIVES Kerala Legislative Assembly